ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 13.10.2026 TIME : 07.25 PM

## പ്രധാന വാർത്തകൾ

1. സുരക്ഷാ-സാങ്കേതിക മേഖലകളിൽ അതിവേഗമു ള്ള മാറ്റങ്ങൾ സങ്കീർണ്ണമായ വെല്ലുവിളികൾ ഉയർത്തുന്ന സാഹചര്യത്തിൽ തന്ത്രപരമായ ദീർഘവീക്ഷണം ആവശ്യമെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു.

   **President Droupadi Murmu emphasized the need for strategic foresight amidst the complex challenges posed by rapid changes in the security and technological sectors.**

2. ഭീകരവാദം, അതിർത്തി കടന്നുള്ള സംഘടിത കുറ്റകൃത്യങ്ങൾ എന്നിവയ്ക്കെതിരെ **BIMSTEC** അംഗരാജ്യങ്ങൾ ഒന്നിച്ചു പോരാടണമെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ.

   **Union Home Minister Amit Shah called upon BIMSTEC member nations to unite in the fight against terrorism and cross-border organized crime.**

3. വയോജന ക്ഷേമ ബിൽ കേരള നിയമ സഭയിൽ അവതരിപ്പിച്ചു. ബിൽ ലോകത്തിന് മാതൃകയെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ.

   **Keralam Senior Citizens (Care and Protection) Bill was introduced in the Kerala Legislative Assembly; Chief Minister V.D. Satheesan described the bill as a model for the world.**

4. ലഹരി ഉപയോഗിച്ച് വാഹനമോടിച്ച് അപകട മരണങ്ങൾ ഉണ്ടാക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനായി പ്രത്യേക നിയമം കൊണ്ടുവരുന്ന കാര്യം ആലോചനയിലെന്ന് ഗതാഗത മന്ത്രി സി.പി ജോൺ.

Transport Minister C.P. John stated that the government is considering introducing a special law to take strict action against those who cause fatal accidents while driving under the influence of intoxicants.

5. തുലാവർഷം രണ്ട് ദിവസത്തിനുള്ളിൽ തെക്കേ ഇന്ത്യയിലെത്തുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്; സംസ്ഥാനത്ത് ഇന്നും നാളെയും താപനില സാധാരണയെക്കാൾ 4°C വരെ ഉയരാൻ സാധ്യത.

The India Meteorological Department (IMD) announced that the Northeast Monsoon is expected to reach South India within two days; temperatures in the state are likely to rise by up to 4°C above normal today and tomorrow.

6. ICC Player of the Month പുരസ്കാരം സ്വന്തമാക്കി ഇന്ത്യൻ താരങ്ങളായ ശുഭ്മൻ ഗില്ലും ഷഫാലി വർമ്മയും.

Indian cricketers Shubman Gill and Shafali Verma have won the ICC Player of the Month awards.

*************************

## PREZ-DEFENCE MEMBERS

സുരക്ഷാ-സാങ്കേതിക മേഖലകളിൽ അതിവേഗമുള്ള മാറ്റങ്ങൾ സങ്കീർണ്ണമായ വെല്ലുവിളികൾ ഉയർത്തുന്ന സാഹചര്യത്തിൽ മികച്ച തയ്യാറെടുപ്പും തന്ത്രപരമായ ദീർഘവീക്ഷണവും ആവശ്യമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. 66-ാമത് ദേശീയ ഡിഫൻസ് കോളേജ് കോഴ്സ് അംഗങ്ങളുമായി രാഷ്ട്രപതി ഭവനിൽ കൂടിക്കാഴ്ച നടത്തുകയായിരുന്നു ശ്രീമതി മുർമു. സൈബർ സുരക്ഷ, ബഹിരാകാശ സാങ്കേതികവിദ്യ, ബയോടെക്നോളജി തുടങ്ങിയ പുതിയ മേഖലകളിലേക്ക് ആധുനിക യുദ്ധതന്ത്രങ്ങൾ വ്യാപിച്ചിരിക്കുന്നതിനാൽ വേഗത്തിൽ തീരുമാനങ്ങൾ എടുക്കുക എന്നതിന് കൂടുതൽ പ്രാധാന്യം കൈവന്നിട്ടുണ്ടെന്ന് രാഷ്ട്രപതി ചൂണ്ടിക്കാട്ടി.

*************************

## PM – ECONOMY FORUM

ഡിജിറ്റൽ കരുത്ത് ഇന്ത്യയ്ക്ക് മുന്നിൽ വൻ അവസരങ്ങൾ തുറന്നുനൽകുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി. ന്യൂഡൽഹിയിൽ ബ്ലൂംബെർഗ് ന്യൂ ഇക്കണോമി ഫോറത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. 'അധികാരം ജനശാക്തീകരണത്തിന് " എന്നതാണ് കേന്ദ്ര സർക്കാരിന്റെ ഭരണരീതിയുടെ അടിസ്ഥാന തത്വമെന്നും അദ്ദേഹം പറഞ്ഞു. മറ്റുള്ളവരെ ശക്തിപ്പെടുത്താനുള്ള ശേഷിയാണ് യഥാർത്ഥ അധികാരമെന്ന് വ്യക്തമാക്കിയ ശ്രീ മോദി സാങ്കേതികവിദ്യ, ഡാറ്റ, അറിവ്, നവീകരണം എന്നിവ ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ ശക്തിസ്രോതസ്സുകളാണെന്നും പറഞ്ഞു .

*************************

## DAY BIMSTEC HOME MINISTER (INTRO)

ഭീകരവാദം, അതിർത്തി കടന്നുള്ള സംഘടിത കുറ്റകൃത്യങ്ങൾ എന്നിവയ്ക്കെതിരെ BIMSTEC അംഗരാജ്യങ്ങൾ ഒന്നിച്ചു പോരാടണമെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ . ഇന്ത്യയുടെ ആതിഥേയത്വത്തിൽ ന്യൂഡൽഹിയിൽ ആരംഭിച്ച ബിംസ്റ്റെക് ആഭ്യന്തര മന്ത്രിമാരുടെ ആദ്യ യോഗത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഭീകരവിരുദ്ധ പ്രവർത്തനങ്ങളിൽ സഹകരണവും ഏകോപനവും ഉറപ്പാക്കുന്നതിന് ,രഹസ്യാന്വേഷണ വിവരങ്ങൾ കൈമാറേണ്ടതിന്റെ ആവശ്യകതയ്ക്കും കേന്ദ്ര മന്ത്രി ഊന്നൽ നൽകി. **(VOICE BYTE- AMIT SHAH)**

*************************

## ELDERLY PERSONS BILL - C M

മുതിർന്ന പൗരന്മാരുടെ പരിചരണവും, അവകാശ സംരക്ഷണവും സംബന്ധിച്ച ബിൽ മുഖ്യമന്ത്രി വി ഡി സതീശൻ ഇന്ന് നിയമ സഭയിൽ അവതരിപ്പിച്ചു. ഈ ബില്ലിലൂടെ കേരളം ലോകത്തിന് മാതൃകയാവുകയാണെന്നും, മുതിർന്ന പൗരന്മാരുടെ ജീവിത പരിചയവും അറിവും പ്രയോജനപ്പെടുത്താൻ വിപുലമായ പദ്ധതികൾ

ആവിഷ്കരിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

*************************

## ADJOURNMENT-KERALA ASSEMBLY

ആരോഗ്യമേഖലയിലെ പ്രതിസന്ധി സംബന്ധിച്ച അടിയന്തര പ്രമേയത്തിന് സ്പീക്കർ അവതരണ അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് നിയമസഭയിൽ പ്രതിപക്ഷ വാക്കൗട്ട്.

മരുന്ന് ക്ഷാമം, ചികിത്സാ പിഴവ്, ആശുപത്രികളിലെ സൗകര്യക്കുറവ് തുടങ്ങിയ പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടി പ്രതിപക്ഷത്തുനിന്നും കെ വി സുമേഷ് ആണ് അടിയന്തര പ്രമേയത്തിന് നോട്ടീസ് നൽകിയത്. ആരോഗ്യവകുപ്പിൻ്റെ കാര്യക്ഷമത ഇല്ലായ്മ കാരണം പതിനായിരക്കണക്കിന് രോഗികൾക്ക് ജീവിത ശൈലി രോഗ മരുന്നുകൾ മുടങ്ങിയതായി പ്രതിപക്ഷം ചൂണ്ടിക്കാട്ടി. എന്നാൽ സംസ്ഥാനത്തെ ആരോഗ്യ മേഖലയിൽ കാര്യമായ ഒരു പ്രശ്നവും നിലവിൽ ഇല്ലെന്നും മരുന്ന് ക്ഷാമം അടിയന്തരമായി പരിഹരിച്ചതായും മന്ത്രി കെ മുരളീധരൻ മറുപടി നൽകി. ആരോഗ്യരംഗത്ത് ആത്മാർത്ഥമായ സമീപനം സർക്കാരിൻ്റെ ഭാഗത്തു നിന്ന് വേണമെന്ന് പ്രതിപക്ഷനേതാവ് പിണറായി വിജയൻ വാക്കൗട്ട് പ്രസംഗത്തിൽ പറഞ്ഞു.

*************************

## CP JOHN

മദ്യപിച്ചും മയക്കുമരുന്നുകൾ ഉപയോഗിച്ചും വാഹനമോടിച്ച് അപകട മരണങ്ങൾ ഉണ്ടാക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനായി പ്രത്യേക നിയമം കൊണ്ടുവരുന്ന കാര്യം ആലോചനയിലെന്ന് ഗതാഗത മന്ത്രി സി.പി ജോൺ. ലഹരിക്ക് അടിമപ്പെട്ട് ബോധപൂർവമെന്ന മട്ടിൽ വാഹനമോടിച്ച് ജീവഹാനിയുണ്ടാക്കുന്നവരുടെ വാഹനം കണ്ടുകെട്ടാനും ജയിലിലിടയ്ക്കാനുമുള്ള നടപടികൾ കർശനമാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഇത് കൃത്യമായി പാലിക്കുമെന്ന് ഉറപ്പുനൽകുന്നതായും അദ്ദേഹം നിയമസഭയിൽ വ്യക്തമാക്കി.

*************************

## KIREN- NASHA MUKT (INTRO)

രാജ്യത്തിന്റെ പുരോഗതിക്കും വികസിത ഇന്ത്യ എന്ന ലക്ഷ്യം കൈവരിക്കുന്നതിനും ആരോഗ്യമുള്ളവരും ശാക്തീകരിക്കപ്പെട്ടവരുമായ ലഹരിമുക്ത യുവത്വം അനിവാര്യമാണെന്ന് കേന്ദ്ര പാർലമെന്ററി കാര്യ മന്ത്രി കിരൺ റിജിജു. ന്യൂഡൽഹിയിൽ സംഘടിപ്പിച്ച 'നശാ മുക്ത് യുവ ഫോർ വികസിത് ഭാരത്' യുവസംവാദ പരിപാടിയിൽ സംസാരിക്കുകയായിരുന്നു കേന്ദ്രമന്ത്രി. ലഹരിവസ്തുക്കളുടെ ദുരുപയോഗം രാജ്യത്തെ യുവതലമുറയുടെ വളർച്ചയെയും കഴിവുകളെയും സാരമായി ബാധിക്കുമെന്നും അദ്ദേഹം മുന്നറിയിപ്പ് നൽകി.

(വോയിസ്)

*************************

## UPI-MDR

വ്യക്തി-വ്യാപാര യുപിഐ ഇടപാടുകൾക്കുള്ള മെർച്ചന്റ് ഡിസ്കൗണ്ട് നിരക്ക് ദീപാവലിക്ക് ശേഷമേ നടപ്പിലാക്കൂ എന്ന് നാഷണൽ

പേയ്മെന്റ് കോർപ്പറേഷൻ ഓഫ് ഇന്ത്യ. വരാനിരിക്കുന്ന ഉത്സവ സീസൺ മുൻനിർത്തി ഇന്ന് ചേർന്ന യു പി ഐ ആൻഡ് സർവീസസ് സ്റ്റിയറിങ് കമ്മിറ്റിയുടേതാണ് തീരുമാനം. നിരക്ക് നടപ്പിലാക്കുന്ന തീയതി പിന്നീട് അറിയിക്കും. വ്യക്തികൾ തമ്മിലുള്ള എല്ലാ യു പി ഐ ഇടപാടുകളും സൗജന്യമായി തുടരും. 2,000 രൂപയിൽ കൂടുതലുള്ള, വ്യക്തി- വ്യാപാര ഇടപാടുകൾക്ക് മാത്രമേ MDR നിരക്കുകൾ ബാധകമാകൂ.

*************************

## RAJNATH SINGH-CZECH REPUBLIC

ആത്മനിർഭർ ഭാരത് പദ്ധതിക്ക് കരുത്തുപകരുന്നതിനായി ഇന്ത്യ-ചെക് റിപ്പബ്ലിക്ക് പ്രതിരോധ സഹകരണം വ്യാപിപ്പിക്കാൻ ധാരണയായതായി രാജ്യരക്ഷാ മന്ത്രി രാജ് നാഥ് സിങ്. ചെക് റിപ്പബ്ലിക് ഉപപ്രധാനമന്ത്രി കാരെൽ ഹാവ്‌ലിസെക്കുമായി രാജ്യരക്ഷാ മന്ത്രി കൂടിക്കാഴ്ച നടത്തി.

ഇരുരാജ്യങ്ങളും തമ്മിലുള്ള പ്രതിരോധ വ്യാവസായിക പങ്കാളിത്ത പുരോഗതി യോഗം അവലോകനം ചെയ്തു. പരസ്പര വിശ്വാസത്തിൽ അധിഷ്ഠിതമായ ബന്ധമാണ് ഇന്ത്യയും ചെക് റിപ്പബ്ലിക്കും തമ്മിലുള്ളതെന്ന് രാജ്യരക്ഷാ മന്ത്രി പറഞ്ഞു.

*************************

## PM 25 YEARS - PM GATISHAKTI (INTRO)

പ്രധാനമന്ത്രി നരേന്ദ്രമോദി, ഭരണനേതൃത്വത്തിൽ 25 വർഷം പൂർത്തിയാക്കിയതിന്റെ ഭാഗമായി രാജ്യമെമ്പാടും വിവിധ പരിപാടികൾ പുരോഗമിക്കുന്നു. രാജ്യത്തിന്റെ വികസന കുതിപ്പിന് പുതിയ വേഗതയും ദിശയും നൽകിയ 'പി എം ഗതിശക്തി നാഷണൽ മാസ്റ്റർ പ്ലാനിനെക്കുറിച്ചാണ് 'ജനസേവനമാണ് ദേശസേവനം' എന്ന ആകാശവാണി പ്രത്യേക പരമ്പരയിൽ ഇന്ന്. 2021 ഒക്ടോബർ 13-ന് തുടക്കമിട്ട പിഎം ഗതിശക്തി നാഷണൽ മാസ്റ്റർ പ്ലാനിന് ഇന്ന് അഞ്ചു വർഷം തികയുകയാണ്.

വിശദാംശങ്ങളിലേക്ക്......
(വോയിസ്)

## PM 25 YEARS – PM GATISHAKTI (VOICE)

റെയിൽവേ, റോഡുകൾ, തുറമുഖങ്ങൾ, ജലപാതകൾ, വിമാനത്താവളങ്ങൾ, പൊതുഗതാഗതം, ലോജിസ്റ്റിക്സ് തുടങ്ങിയ മേഖലകളെ ഏകോപിപ്പിച്ച് രാജ്യത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് സമഗ്രമായ ദിശാബോധം നൽകുക എന്നതാണ് പദ്ധതിയുടെ അടിസ്ഥാനലക്ഷ്യം. എല്ലാ മന്ത്രാലയങ്ങളുടെയും വകുപ്പുകളുടെയും പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ ഭൗമ വിവര സംവിധാന അധിഷ്ഠിതമായ ഒരു ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ ലഭ്യമാക്കിയാണ് പ്രവർത്തന ഏകോപനം സാധ്യമാക്കുന്നത്. മന്ത്രാലയങ്ങളും വകുപ്പുകളും വെവ്വേറെ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനു പകരം, പൊതുവായ ഡിജിറ്റൽ പ്ലാറ്റ്ഫോമിലൂടെ അവയെ ഫലപ്രദമായി ഏകോപിപ്പിക്കുന്ന രീതിയാണ് ഗതിശക്തി മുന്നോട്ടുവയ്ക്കുന്നത്. 2026 ഓഗസ്റ്റ് 11-ലെ കണക്കനുസരിച്ച്, ഏകദേശം 18.66 ലക്ഷം കോടി രൂപ ചെലവ് വരുന്ന 396 അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നാഷണൽ പ്ലാനിംഗ് ഗ്രൂപ്പ് വിലയിരുത്തിയിട്ടുണ്ട്.

ന്യൂസ് ഡെസ്ക് ആകാശവാണി.....

*************************

## KALAWASTHA

അടുത്ത രണ്ട് ദിവസത്തിനുള്ളിൽ കാലവർഷം രാജ്യത്തെ അവശേഷിക്കുന്ന ഭാഗങ്ങളിൽ നിന്നുകൂടി പിന്മാറുമെന്നും, തെക്കേ ഇന്ത്യയിൽ ഇതോടൊപ്പം തുലാവർഷം ആരംഭിക്കുമെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇടിമിന്നലോട് കൂടിയ ശക്തമായ മഴയ്ക്ക് സാധ്യതയുള്ളതിനാൽ മറ്റന്നാൾ 5 ജില്ലകളിലും വെള്ളിയാഴ്ച 7 ജില്ലകളിലും മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. അതേസമയം സംസ്ഥാനത്തെ വിവിധ സ്ഥലങ്ങളിൽ ഇന്നും നാളെയും താപനില

സാധാരണയെക്കാൾ 4°C വരെ ഉയരാൻ സാധ്യതയുണ്ടെന്നും കേന്ദ്ര കാലാവസ്ഥ വകുപ്പ് മുന്നറിയിപ്പ് നൽകി .

*************************

## ICC- PLAYER OF MONTH

ICC Player of the Month പുരസ്കാരം സ്വന്തമാക്കി ഇന്ത്യൻ താരങ്ങളായ ശുഭ്മൻ ഗില്ലും ഷഫാലി വർമ്മയും. വനിതാ ഏഷ്യാ കപ്പിലേയും ഏഷ്യൻ ഗെയിംസിലേയും മികച്ച പ്രകടനമാണ് ഷഫാലിയെ പുരസ്കാരത്തിന് അർഹയാക്കിയത്. അതേസമയം, വെസ്റ്റ് ഇൻഡീസിനെതിരായ ഏകദിന പരമ്പരയിലെ തകർപ്പൻ പ്രകടനത്തിലൂടെ അഞ്ചാം തവണയാണ് ശുഭ്മൻ ഗിൽ ഈ നേട്ടം സ്വന്തമാക്കുന്നത്.

*************************

## MURUGAN - RESIGN

കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ സഹമന്ത്രി എൽ. മുരുകൻ മന്ത്രിസ്ഥാനവും രാജ്യസഭാംഗത്വവും രാജിവെച്ചു. പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് രാജിക്കത്ത് കൈമാറി.

2029 ലോക്സഭാ തിരഞ്ഞെടുപ്പിന് മുന്നോടിയായി തമിഴ്നാട്ടിൽ ഭാരതീയ ജനതാ പാർട്ടിയെ ശക്തിപ്പെടുത്താനും മുഴുവൻ സമയവും പ്രവർത്തിക്കാനുമാണ് രാജിയെന്നും അദ്ദേഹം വ്യക്തമാക്കി.

*************************

## RAILWAYS- GROWTH

2026-27 സാമ്പത്തിക വർഷത്തിന്റെ ആദ്യ പാദത്തിൽ റെക്കോർഡ് വളർച്ച നിലനിർത്തി ഇന്ത്യൻ റെയിൽവേ. സെപ്റ്റംബർ മാസത്തിൽ മാത്രം ചരക്ക് നീക്കത്തിൽ റെയിൽവേ 6.14 ശതമാനത്തിന്റെ മികച്ച വളർച്ചയാണ് രേഖപ്പെടുത്തിയത്.

*************************

## FLIGHT DISRUPTIONS ADVISORY / INDIA IN JEDDA – X

വിമാന സർവീസ്സിലെ നിലവിലുള്ള തടസ്സങ്ങൾ കണക്കിലെടുത്ത് ജിദ്ദ, മദീന വഴി യാത്ര ചെയ്യുന്ന ഇന്ത്യൻ പൗരന്മാർ - പ്രത്യേകിച്ച് ഉംറ തീർത്ഥാടകർ - വിമാനങ്ങളുടെ തത്സമയ വിവരം കൃത്യമായി പരിശോധിക്കാൻ ജിദ്ദയിലെ ഇന്ത്യൻ കോൺസുലേറ്റ് നിർദേശം നൽകി. ജിദ്ദയിലെ ഇന്ത്യൻ കോൺസുലേറ്റ് ജനറൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമും സജ്ജീകരിച്ചിട്ടുണ്ട്.

**************************************************************************************